**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6744** **11-07-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കുടിയേറ്റക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതുവർഷം മുതൽ എത്തിയ ഇതര സംസ്ഥാനക്കാരെയാണ് കുടിയേറ്റക്കാർ ആയി കണക്കാക്കുന്നതെന്ന് അറിയിക്കുമോ; | (എ) | ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി കേന്ദ്ര നിയമമായ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമം, 1979 പ്രാബല്യത്തിൽ വന്നതിനു ശേഷം ജോലിക്കായി കുടിയേറുന്ന തൊഴിലാളികളെയാണ് കുടിയേറ്റ തൊഴിലാളികൾ എന്ന് കണക്കാക്കുന്നത്. |
| (ബി) | ഇങ്ങനെ എത്തുന്ന കുടിയേറ്റ തൊഴിലാളികളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വർഷം മുതലാണ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | കുടിയേറ്റ തൊഴിലാളികളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിന് തൊഴിൽ വകുപ്പിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എന്നാൽ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടു കൊണ്ടുള്ള ആവാസ് പദ്ധതിയിൽ 5,16,320 തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ ടി തൊഴിലാളികളുടെ രജിസ്ട്രേഷനായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിന് മുമ്പേ തന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും ടി പോർട്ടലിലൂടെ സാധിക്കുന്നു. ടി പോർട്ടൽ മൊബൈൽ ആപ്ലിക്കേഷൻ ആക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നാളിതുവരെ 1,42,389 തൊഴിലാളികൾ അതിഥി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ